"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ഡയറക്ടറുടെ പേരിൽ സർക്കാർ നോൺ പ്ലാൻ ഫണ്ട് നിക്ഷേപിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 5256/2021/ധന** **തീയതി, തിരുവനന്തപുരം, 03.08.2021**

പരാമർശം :- 1. 04.01.2021-ലെ 01/2021/ധന നമ്പർ സർക്കുലർ.
2. 16.07.2021 തീയതിയിലെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ എസിസി 1-38-20218 എസ്റ്റി.എസ്.ബി/കേപ്പ്/934.

## ഉത്തരവ്

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) നു സർക്കാരിൽ നിന്ന് നോൺ പ്ലാൻ ഇനത്തിൽ ലഭിക്കുന്ന ധനസഹായം തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള TPA അക്കൗണ്ട് നമ്പർ 701010200004038 മുഖാന്തിരം മാറി എടുത്തിരുന്നു എന്നും, പരാമർശം 1 ലെ സർക്കുലർ പ്രകാരം സർക്കാരിൽ നിന്നും നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കുന്ന ധനസഹായം ഇനി മുതൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന മാത്രമേ മാറി നൽകൂ എന്നതിനാൽ "ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)" എന്ന പേരിൽ പുതുതായി സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാനും നിലവിലെ TPA അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക പുതിയ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള അനുവാദം നൽകണമെന്നും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)" ഡയറക്ടർ പരാമർശം 2 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ നിലവിലെ ടി.പി.എ അക്കൗണ്ട് ക്ലോസ് ചെയ്ത് സർക്കാരിൽ നിന്നും ലഭിക്കുന്ന നോൺ പ്ലാൻ ഫണ്ട് നിക്ഷേപിക്കുന്നതിനായി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിയും ടി.പി അക്കൗണ്ടിൽ അവശേഷിക്കുന്ന ബാലൻസ് തുക പുതുതായി തുടങ്ങുന്ന സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ മാറ്റി നിക്ഷേപിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് മുട്ടത്തറ കാമ്പസ്, വള്ളക്കടവ് പി.ഒ, തിരുവനന്തപുരം.
സഹകരണ (ബി) വകുപ്പ് UO(F) No. Co-Op-B2/100/2021-Co-Op Computer No. 1810980
ധനകാര്യ (അഗ്രി-സി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ ഫയൽ. 1812519)

ഉത്തരവിൻ പ്രകാരം

Maji.C

സെക്ഷൻ ഓഫീസർ